**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനാവകാശികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളിൽ എത്ര വർഷം കഴിഞ്ഞവരെയാണ് വനാവകാശികളായി പ്രഖ്യാപിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വനാവകാശ നിയമപ്രകാരം നിർവ്വചിച്ച വനവാസി പട്ടിക വർഗ്ഗ വിഭാഗക്കാരും 13-12-2005 വരെ 75 കൊല്ലക്കാലമെങ്കിലും ( അല്ലെങ്കിൽ 25 കൊല്ലം വീതമുള്ള തുടർച്ചയായ 3 തലമുറകൾ ) തലമുറകളായി വനത്തിനകത്ത് ജീവിച്ച പോരുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട പരമ്പരാഗത വനവാസി കുടുംബങ്ങളുമാണ് 2006 ലെ വനാവകാശ നിയമ പ്രകാരം വനാവകാശത്തിന് അർഹരായവർ |
| (ബി) | അങ്ങനെ പ്രഖ്യാപിക്കുന്ന കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നും എന്തെല്ലാം ധനസഹായങ്ങൾ അനുവദിച്ചുകിട്ടുമെന്നു വ്യക്തമാക്കുമോ; | (ബി) | 2006 ലെ വനാവകാശ നിയമ പ്രകാരം വനാവകാശം കൽപ്പിച്ചു നൽകിയവർക്ക് അപ്രകാരം നൽകിയ വനഭൂമിയിന്മേൽ നിബന്ധനകളോടെ കൈവശാവകാശം ലഭിക്കുന്നു. ടി വനഭൂമിയിൽ വീട് വയ്ക്കുന്നതിനും, ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കും. എന്നാൽ ടി ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുന്നതല്ല. 2006 ലെ വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ ലഭിക്കുന്നവർക്ക് സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് വനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. |
| (സി) | വനാവകാശികളുടെ ഉന്നമനത്തിനായി സർക്കാർ വനാവകാശ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ ഘടന അറിയിക്കാമോ? | (സി) | ഉണ്ട്. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരിക്കും ഗ്രാമസഭയുടെ സെക്രട്ടറി. ഗ്രാമസഭയുടെ ആദ്യ യോഗത്തിൽ തന്നെ 10 നും 15 നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (FRC) തെരഞ്ഞെടുക്കുന്നു. എല്ലാ ആദിവാസി വിഭാഗങ്ങളുടെയും പ്രാതിനിധ്യം സമിതിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ആദിവാസി മേഖലകളിലുള്ള സമിതികളിൽ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളായിരിക്കണം. വനാവകാശ |

| | | | |
|---|---|---|---|
| | | | നിർണ്ണയ സമിതി അംഗങ്ങളിൽ നിന്ന് അതിന്റെ ചെയർമാനെയും സെക്രട്ടറിയേയും തിരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ